# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3362** **19.06.2019** -ലെ മറുപടിയ്ക്ക്

## കാലിക്കറ്റ് സർവ്വകലാശാലയിലെ ബിരുദ വിദ്യാർത്ഥികൾക്ക് നിർബന്ധിത സാമൂഹ്യ സേവനം

ചോദ്യം | ഉത്തരം

ശ്രീ. സണ്ണി ജോസഫ്

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് സർവ്വകലാശാല ബിരുദ വിദ്യാർത്ഥികൾക്ക് സാമൂഹ്യ സേവനം നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) | 2019 – ൽ നിലവിൽ വന്ന CBCSS – UG – 2019 റെഗുലേഷൻസ് പ്രകാരം 2019 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി സോഷ്യൽ സർവ്വീസ് പ്രോഗ്രാം (CUCCP) നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര ദിവസമാണ് പ്രസ്തുത സേവനം അനുഷ്ഠിക്കേണ്ടത്; ഏതൊക്കെ സ്ഥലങ്ങളിൽ എന്ന് അറിയിക്കുമോ; | (ബി) | കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ 12 ദിവസത്തെ സാമൂഹ്യസേവനം പൂർത്തികരിക്കേണ്ടതുണ്ട്. ആദ്യത്തെ 4 സെമസ്റ്ററിനുള്ളിൽ (ഓരോ സെമസ്റ്റർ - ൽ 3 ദിവസം വീതം) ഇത് പൂർത്തീകരിക്കണം. കോളേജ് യൂണിയന്റെ പ്രവർത്തനം, സോണൽ തലത്തിൽ കലാകായിക പ്രവർത്തനം എന്നിവയിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾ 6 ദിവസത്തെ സാമൂഹ്യസേവനം പൂർത്തീകരിച്ചാൽ മതി.<br>കോളേജ് വിദ്യാർത്ഥികൾ, പഞ്ചായത്ത്/തദ്ദേശ സ്ഥാപനങ്ങൾ/ ആശുപത്രി/ അനാഥമന്ദിരം/വൃദ്ധസദനം/ പെയിൻ & പാലിയേറ്റീവ് സെന്റർ/ കോളേജുകൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സാമൂഹ്യ സേവനം പൂർത്തിയാക്കാവുന്നതാണ്.<br>SDE/പ്രൈവറ്റ് വിദ്യാർത്ഥികൾ 6 ദിവസം തദ്ദേശ സ്ഥാപനങ്ങളിലും 6 ദിവസം |

| | | | |
|---|---|---|---|
| | | | ആശുപത്രി/അനാഥമന്ദിരം/വൃദ്ധസദനം/ പെയിൻ & പാലിയേറ്റീവ് സെന്റർ എന്നിവിടങ്ങളിലും സാമൂഹ്യസേവനം പൂർത്തീകരിക്കണം. |
| (സി) | സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ബിരുദ വിദ്യാർത്ഥികൾക്ക് സാമൂഹ്യ സേവനം നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | പരിശോധിക്കാവുന്നതാണ് |
| (ഡി) | ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സോഷ്യൽ സർവ്വീസ് പ്രോഗ്രാം സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിലേക്കും വ്യാപിപ്പിക്കണമെന്ന കൗൺസിലിന്റെ ശിപാർശ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.